# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2853** 10-03-2017-ൽ
മറുപടി നൽകേണ്ടത്

## ഉന്നതവിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. റോജി എം. ജോൺ | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ ഉന്നതവിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് സംസ്ഥാനത്തെ അറിവിന്റെ കേന്ദ്ര ങ്ങളാക്കുന്ന പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) ഉണ്ട്.<br>എഡ്യൂക്കേഷൻ റിസോഴ്സ് സെന്റർ (ECR) QIP സെന്ററുകൾ, FSTDC തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളിലൂടെയും വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവേഷണ/ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങളിലൂടെയും, ടെസ്റ്റ് പാർക്ക് IIIC എന്നീ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന പദ്ധതികളിലൂ-ടെയും നിലവിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ അറിവി-ന്റെ കേന്ദ്രങ്ങളാക്കാനുള്ള ശ്രമം ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തുന്നുണ്ട്. 2013 |

| | |
|---|---|
| | മുതൽ 4 അക്കാദമിക്ക് സെന്ററുകൾ ഗവൺമെന്റ് ലോ കോളേജ് തൃശ്ശൂരിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൊച്ചി സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായ ത്തോടെ താഴെ പറയുന്ന ഉന്നത വിദ്യാഭ്യാസ പീഠങ്ങൾ സ്ഥാപിത-മായിട്ടുണ്ട്.<br>1. വി. ആർ. കൃഷ്ണയ്യർ ചെയർ ഓൺ ഹ്യൂമൺ റൈറ്റ്സ് - പ്രസ്തുത കേന്ദ്രത്തിൽ ഇതിനോടകം 3 ദേശീയ സെമിനാറുകളും വർക്ക്-ഷോപ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്<br>2. ഡോ. സുകുമാർ അഴീക്കോട് ചെയർ ഓൺ ലിറ്ററേച്ചർ സർക്കാരിന്റെ പരിഗണനയിലാണ്.<br>കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സാമൂഹ്യപരിഷ്-കർത്താക്കളുടെ പേരുകളിലുള്ള ഏഴ് പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, Centre for Intangibel Heritage Studies, Advanced Study Centre of India Jurisprudence എന്നിവയും പ്രവർത്തിച്ചു വരുന്നു. ഇന്റർ നാഷണൽ സ്കൂൾ ഓഫ് ശ്രീ. ശങ്കരാ സ്റ്റഡീസ് എന്ന |

| | |
|---|---|
| | പഠനകേന്ദ്രത്തിന്റെ കീഴിൽ ശ്രീ. ശങ്കര ദർശനങ്ങളെപ്പറ്റി പഠനവും ഗവേഷണവും നടക്കുന്നുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അറിവിന്റെ കേന്ദ്രങ്ങൾ എന്ന നിലയിൽ വിഭാവനം ചെയ്തിട്ടുളള ഗവേഷണ കേന്ദ്രങ്ങൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വിഷയ ങ്ങളിലായി ഇന്റർ യൂണിവേഴ്സിറ്റി സെന്ററു കളും ഇന്റർസ്കൂൾ സെന്ററുകളും പ്രവർ ത്തനം തുടങ്ങിക്കഴിഞ്ഞു. കൂടാതെ, അതതു വിഷയത്തെ സംബന്ധിക്കുന്ന സെമി നാറുകൾ, പഠനക്ലാസ്സുകൾ, പ്രദർശ- നങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവ സംഘടിപ്പിക്കാറുണ്ട്. പൊതുവിൽ, ഗവേ ഷക വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് ഒരു പൊതുപ്ലാറ്റ്ഫോം നൽകുവാനും സമസ്ത മേഖലകളിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും ഇത്തരം ഗവേഷണ പഠനകേന്ദ്രങ്ങൾക്ക് സാധിക്കും. |
| ബി) സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജു കൾക്കും എഞ്ചിനീയറിംഗ് കോളേജു കൾക്കും അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതിയിൽ ഇതിനകം | ബി) സംസ്ഥാനത്തെ 48 ആർട്ട്സ് & സയൻസ് കോളേജുകൾക്കും 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 500 |

| | |
|---|---|
| നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ആട്സ് & സയൻസ് കോളേജുകളിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ടെക്നിക്കൽ ടീമിനെ സർക്കാർതലത്തിൽ രൂപീകരിക്കുകയും ടെക്നിക്കൽ ടീമംഗങ്ങൾ ബന്ധപ്പെട്ട കോളേജുകൾ സന്ദർശിച്ച് പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു വരുന്നു. കൊച്ചി യൂണിവേഴ്സിറ്റിക്കുവേണ്ടി 2016-17 സ്റ്റേറ്റ് പ്ലാൻ പീരിയഡിൽ അടിസ്ഥാന സൗകര്യങ്ങൾ ഗവൺമെന്റ് അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ അതാത് മേഖലകളിൽ പുരോഗമിച്ചുവരുന്നു. |
| സി) ഇതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | സി) നിലവിൽ തുക ചിലവഴിച്ചിട്ടില്ല. KIIFB-യിൽ ഉൾപെടുത്തിയപദ്ധതികളുടെ ഡി. പി. ആർ-ഉം വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുന്ന മുറയ്ക്കേ പദ്ധതികൾക്കായുള്ള തുക ചിലവഴിക്കുകയുള്ളു.<br>ഗവൺമെന്റ് ലോ കോളേജിൽ 2016-17 പദ്ധതിയിൽ നീക്കിവെച്ച തുക പ്രകാരം Centre for Business Laws-നായി 6,80,000 രൂപ, Dr. A.T. Markose Chair for Advanced Legal Studies നായി 7,25,000 |

| | |
|---|---|
| | രൂപ, legal Services & Clinic & ADR Centre നായി 7,00,000/- Centre for Economy, Development & Law ക്കായി 8,25,000 രൂപ ചിലവാക്കിക്കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**